മലയാള മനോരമ
ESTABLISHED 1888

31 July 2019

# വേമ്പനാട് കായൽ പഠനം: വിദ്യാർഥികൾക്കും നാട്ടുകാർക്കും അവസരം

കൊച്ചി ● വേമ്പനാട് കായലിലെ മാലിന്യത്തിന്റെ വ്യാപ്തി തിരിച്ചറിയാൻ നടത്തുന്ന ഉപഗ്രഹ മാപ്പിങ്ങുമായി ബന്ധപ്പെട്ട പഠനത്തിൽ വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും പങ്കാളികളാകാം. രോഗകാരികളായ വിബ്രിയോ ബാക്ടീരിയകളുടെ കായലിലെ സാന്നിധ്യവും മറ്റ് ഘടകങ്ങളും റിമോട്ട് സെൻസിങ് സാങ്കേതിക വിദ്യ ഉപയോഗിച്ച് അടയാളപ്പെടുത്തുന്ന പദ്ധതിയാണിത്.

ഇന്ത്യ-യുകെ സംയുക്ത പദ്ധതിയുടെ ഭാഗമായി കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ), നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷനോഗ്രഫി (എൻഐഒ), നാൻസൻ എൻവയൺമെന്റൽ റിസർച് സെന്റർ ഇന്ത്യ (നെർസി), യുകെയിലെ പ്ലിമൗത്ത് മറൈൻ ലബോറട്ടറി എന്നിവ ചേർന്നാണ് കായലിന്റെ മാപ്പിങ് നടത്തുന്നത്.

എറണാകുളം, ആലപ്പുഴ, കോട്ടയം ജില്ലകളിൽ പരന്നുകിടക്കുന്ന വേമ്പനാട് കായലിന്റെ വിവിധ ഭാഗങ്ങളിൽ നിന്നു വിവരശേഖരണം നടത്തും. പരിസ്ഥിതി സംരക്ഷണത്തിലും കോളജ് വിദ്യാർഥികൾക്കും വേമ്പനാട് കായലിന്റെ തീരങ്ങളിൽ താമസിക്കുന്നവർക്കും മുൻഗണന. ആദ്യം റജിസ്റ്റർ ചെയ്യുന്ന 150 പേർക്കാണ് അവസരം. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഓഗസ്റ്റ് 5ന് സിഎംഎഫ്ആർഐയിൽ പരിശീലനം നൽകും. റജിസ്ട്രേഷന്: 9746866845, science.cmfri@gmail.com